(2) കൊടുങ്ങല്ലൂർ ദേവി അക്കാഡമി സീനിയർ സെക്കൻററി സ്കൂളിന്റെ പ്രവർത്തനം

പ്രൊഫസർ മീനാക്ഷി തമ്പാൻ : സർ, കൊടുങ്ങല്ലൂരിലെ മേൽത്തല വില്ലേജിൽ പ്രവർത്തിക്കുന്ന ദേവി അക്കാഡമി സീനിയർ സെക്കൻററി സ്കൂളിലെ മാനേജ്മെൻറിന്റെ അഴിമതിയും വഞ്ചനയുംമൂലം ആ സ്കൂളിലെ 500-ൽ അധികം വരുന്ന അദ്ധ്യാപകരും വിദ്യാർത്ഥികളും വഴിയാധാരമായിരിക്കുന്ന ഗൗരവമായ വിഷയത്തിലേക്കാണ് ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും സഭയുടെയും ശ്രദ്ധ ക്ഷണിക്കുന്നത്. ഡോക്ടർ പി. എൻ. പരമേശ്വരൻ, ഭാര്യ ശ്രീമതി ജയലക്ഷ്മി, അഡ്വക്കേറ്റ് രാമസ്വാമി എന്നിവർ അടങ്ങിയ സ്കൂൾ മാനേജ്മെൻറ് സംസ്ഥാനത്തെ ഭീതിതമായ തൊഴിലില്ലായ്മയെ ചൂഷണം ചെയ്ത് അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളെ പ്രലോഭിപ്പിച്ച് ഒരു ലക്ഷവും അതിലധികവും പണം വാങ്ങി അദ്ധ്യാപകരെ നിയമിച്ചുകൊണ്ട് 1992-ൽ സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. കുട്ടികളിൽനിന്ന് പ്രവേശനത്തിനു വൻ തുകകളും വാങ്ങിച്ചിട്ടുണ്ട്. ജീവനക്കാർക്ക് അതാത് കാലത്തെ ഗവൺമെൻറ് സാലറിയും സെൻട്രൽ ഗവൺമെൻറിന്റെ ഡി. എ. പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങളും നൽകാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. നിർബന്ധിച്ച് അദ്ധ്യാപകരെ എൽ. ഐ. സി. യിൽ ചേർക്കുകയും ആ പോളിസിയുടെ പ്രീമിയം അവരുടെ ശമ്പളത്തിൽ നിന്ന് എടുത്ത് അപഹരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. 'സമസ്ത വിദ്യാഗുരുകുലം' എന്ന പേരിൽ അവർ തന്നെ ഭാരവാഹികളായി ഒരു ട്രസ്റ്റ് ഉണ്ടാക്കി സ്കൂൾ പബ്ലിക് ലിമിറേഡ് കമ്പനി ആക്കാൻ വീണ്ടും ജീവനക്കാരിൽനിന്ന് പണപ്പിരിവ് നടത്തി. കേരളത്തിൽ തന്നെയുള്ള 8 സ്കൂളുകളിൽ നിന്നായി ഏകദേശം 6 കോടി ഉറുപ്പിക തട്ടിച്ചശേഷം കേരളം വിട്ടിരിക്കുകയാണ്. സെൻട്രൽ ഓഫീസിൽ നിന്ന് ആഫിലിയേഷൻ കിട്ടിയെന്നാണ് പ്രിൻസിപ്പൽ കുട്ടികളേയും അദ്ധ്യാപകരെയും ധരിപ്പിച്ചിരുന്നത്. എന്നാൽ, രേഖകൾ എല്ലാം അദ്ധ്യാപകരിൽനിന്ന് മറച്ച് വയ്ക്കുകയും ഇപ്പോൾ, 1996 മാർച്ചിൽ പരീക്ഷ എഴുതേണ്ട കുട്ടികളുടെ പരീക്ഷാ ഫോറം വരെ പ്രിൻസിപ്പൽ ബോർഡിലേയ്ക്ക് അയയ്ക്കാതെ വച്ചിരിക്കുകയുമാണ്. അത് സെൻട്രൽ ആഫീസിൽ കിട്ടേണ്ടത് കഴിഞ്ഞ ഡിസംബർ 12-ന് ആയിരുന്നു.

ജീവനക്കാരിൽ ഭൂരിഭാഗവും കിടപ്പാടം വരെ പണയപ്പെടുത്തിയാണ് മാന്യമായ ഒരു ജോലി എന്ന നിലയിൽ ഇവിടെ ചേർന്നത്. പ്രിൻസിപ്പലിന്റെ ഒത്താശയോടുകൂടി സ്കൂൾകെട്ടിടവും കോമ്പൗണ്ടും ഇപ്പോൾ സാമൂഹ്യദ്രോഹികൾ അനധികൃതമായി ഉപയോഗിക്കുകയാണ്. അഞ്ഞൂറിലധികം വരുന്ന ഈ സെക്കൻററി സ്കൂളിലെ ജീവനക്കാരേയും വിദ്യാർത്ഥികളെയും വഞ്ചിച്ച് ധനാപഹരണം നടത്തിയ മാനേജ്മെൻറിന്റെ പേരിൽ വ്യക്തമായ അന്വേഷണവും നടപടിയും വേണം. സ്കൂളിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനുവേണ്ടി ആവശ്യമായ നടപടിയും വേണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, കൊടുങ്ങല്ലൂർ ദേവി അക്കാഡമി സീനിയർ സെക്കൻററി സ്കൂൾ ഗവൺമെൻറിന്റേതല്ല, എയിഡഡുമല്ല, റെക്കഗ്നിഷനുമില്ല. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ശരിയാണ്. ഡോക്ടർ പരമേശ്വരൻ എന്ന ഒരാൾ ഡയറക്ടറായിട്ടാണ് ഈ സ്ഥാപനം ആരംഭിച്ചത്. ഈ സ്കൂളിൽ സി. ബി. എസ്. ഇ. പാറേൺ ആണ്. അതുകൊണ്ട് നമുക്കൊരു കൺട്രോളും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

നമുക്കതിൽ യാതൊരു കാര്യവുമില്ലെങ്കിലും മെമ്പറുടെ പരാതി കിട്ടിയപ്പോൾ ഞാൻ പരിശോധിക്കുകയുണ്ടായി. അത് മദിരാശിയിൽ രജിസ്റ്റർ ചെയ്തതായിട്ടാണ് അറിഞ്ഞത്. 613/19-88. 21-11-88 എന്നുള്ള റഫറൻസ് കാണുന്നുണ്ട്. 626/15-7-93 എന്ന റഫറൻസ് കാണുന്നുണ്ട്. ഇത് മദ്രാസിൽ രജിസ്റ്റർ ചെയ്തതായിട്ടാണ് കാണുന്നത്. സി. ബി. എസ്. സി.യുടെ രജിസ്ട്രേഷന്റെ ആഫീസ് അവിടെയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഇതൊരു തട്ടിപ്പ് കമ്പനിയാണ്. ഇവർ ഹയർ പർച്ചേസിൽ വാഹനങ്ങൾ വാങ്ങിച്ചു. അതിന് തക്ക രേഖകളൊക്കെ കൊടുത്തു. മുഴുവൻ ആളുകളെയും കബളിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മൂന്ന് ബ്ലോക്കുകളിലായിട്ട് പതിനാല് മുറികളുണ്ട്. ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുള്ളത് ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. ലോക്കലായിട്ട് ഒരു ചെറിയ സംവിധാനം ഇവർ ചെയ്തിട്ടുണ്ട്. തല്ക്കാലം ഈ കുട്ടികളെ വഴിയാധാരമാക്കരുതെന്ന് വിചാരിച്ച് അവർക്ക് ട്യൂഷൻ ഫീർപ്പെടുത്തിയിട്ടുണ്ട്. അവരെ ടീച്ചർക്ക് അറിയാമായിരിക്കുമല്ലോ ? പ്രാദേശികമായിട്ടുള്ള ഒരു സംവിധാനമാണ്. കുറേ കുട്ടികളെ കിട്ടി. സി. വാങ്ങി വേറൊരു സി. ബി. എസ്. ഇ. സ്കൂളിൽ പോയിട്ടുണ്ട്. ബാക്കി കുട്ടികളെ വച്ച് അനൗദ്യോഗികമായിട്ട് ആ സ്ഥലത്ത് ക്ലാസുകളെ നടത്തുന്നുണ്ട്. കാരണം വേറെ സി. ബി. എസ്. ഇ. സ്കൂളുമായി അഫിലിയേഷൻ ചെയ്യുന്നതിനുള്ള പ്രതീക്ഷയുമായിട്ടായിരിക്കാം നടത്തുന്നത്. ഗവൺമെന്റിന് നേരിട്ട് ഒരു കൺട്രോളും ഇല്ല. നമ്മളെ കൊടുത്തതല്ല. നമുക്ക് അതുമായിട്ടൊരു ബന്ധവുമില്ല. എങ്കിൽ പോലും കുട്ടികളുടെ ഭാവിയ്ക്കുവേണ്ടി എന്തുചെയ്യാൻ പറ്റുമെന്ന് നോക്കാം.

പ്രൊഫസർ മീനാക്ഷി തമ്പാൻ : നമ്മുടെ ഗവൺമെന്റ് ഇപ്പോൾ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുക്കുന്നുണ്ടല്ലോ ? അപ്പോൾ അതിന്റെ നിജസ്ഥിതിയൊക്കെ പരിശോധിക്കണമല്ലോ.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : നമ്മൾ എൻ.ഒ. സി. കൊടുക്കുന്നത് എങ്ങനെയെന്ന് വച്ചാൽ, ഇവരുടെ സ്ഥലം ഇതുപോലുള്ള കാര്യങ്ങൾ വച്ചുകൊണ്ടാണ്. അതിന്റെ രജിസ്ട്രേഷൻ കൊടുക്കേണ്ടത് സി. ബി. എസ്.ഇ. യാണ്. ഇനികൊടുത്താലും നമുക്ക് അതിൽ ചെയ്യേണ്ട എന്തു വേണമെങ്കിലും ചെയ്യാം. ഇപ്പോൾ ഈ കുട്ടികളുടെ ഭാവി ഒരു പ്രശ്നമാണ്. അതുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരേയും മറ്റും വിളിച്ചിട്ട് നമുക്ക് നാളെയോ, മറ്റന്നാളോ ഒരു യോഗം കൂടി കുട്ടികളുടെ ഭാവിയ്ക്ക് ഒരു ദോഷവും ഇല്ലാത്ത രീതിയിൽ ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യാം. ബഹുമാനപ്പെട്ട മെമ്പറുമായിട്ട് ഒരു ചർച്ച നടത്തിയിട്ട് അതിനുവേണ്ട പരിഹാരം ഉണ്ടാക്കാൻ ഉത്സാഹിക്കാം

(3) കാഞ്ഞങ്ങാട് ആസ്ഥാനമാക്കി പുതിയ വിദ്യാഭ്യാസ ജില്ല

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : സർ, കാസർകോട് റവന്യൂ ജില്ലയോളം വലിപ്പമുള്ള ഒരു വിദ്യാഭ്യാസജില്ലയാണ്. ഒരു പക്ഷെ സംസ്ഥാനത്തെ ഏറ്റവും വലിയ വിദ്യാഭ്യാസ ജില്ലയായിരിക്കാം കാസർകോട് എന്നാണ് എനിക്ക് തോന്നുന്നത്. 110 ഹൈസ്കൂളുകളുള്ള ഒരു ജില്ലയാണിത്. വിദ്യാഭ്യാസ ഓഫീസർമാർക്ക് സ്കൂളുകൾ സന്ദർശിക്കാനോ പോരായ്മകൾ പരിഹരിയ്ക്കാനോ കഴിയുന്നില്ല. മാത്രമല്ല, ഹെഡ്മാസ്റ്റർമാർക്ക് സ്കൂൾ സംബന്ധമായ കാര്യങ്ങൾക്കുവേണ്ടി ജില്ലാ ആസ്ഥാനത്ത് എത്തുന്നതിന് നീണ്ടകിലോമീറ്റർ യാത്ര ചെയ്യണം. ഈ പ്രത്യേക സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly